പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1616 22.03.2013 - ൽ മറുപടിയ്ക്ക്

## സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

ചോദ്യം | ഉത്തരം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

**ഡോ. എം.കെ. മുനീർ**
( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം സാമൂഹ്യസുരക്ഷാ പെൻഷനുകളാണ് നൽകി വരുന്നത് ; | (എ) | സാമൂഹ്യനീതി വകുപ്പിൽ നടപ്പിലാക്കിവരുന്ന ക്ഷേമപെൻഷനുകളാണ് വികലാംഗപെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ. |
| (ബി) | ഓരോന്നിനും എത്ര തുക വീതമാണ് പെൻഷനായി നൽകുന്നത് ; | (ബി) | ടി പെൻഷൻ പദ്ധതികളിൽ പ്രതിമാസം നൽകുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br>(1) വികലാംഗപെൻഷൻ - 525/- രൂപ<br>(a) 80 % ത്തിന് മുകളിൽ വൈകല്യമുള്ളവർക്കുള്ള വികലാംഗ പെൻഷൻ - 700/- രൂപ<br>(2) അഗതി(വിധവ)പെൻഷൻ - 525/- രൂപ<br>(3) ദേശീയ വാർദ്ധക്യ കാല പെൻഷൻ - 400/- രൂപ<br>(a) 80 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കുള്ള വാർദ്ധക്യകാല പെൻഷൻ - 900/-രൂപ<br>(4) 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ - 525/- |
| (സി) | ഇവയിൽ ഓരോ പെൻഷനും എത്ര തവണ വീതം കുടിശ്ശികയുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ; | (സി) യും (ഡി) യും | ഈ സാമ്പത്തിക വർഷം ഈയിനത്തിൽ ലഭിച്ച തുക മുഴുവനും ഇതിനകം തന്നെ പെൻഷൻ വിതരണത്തിനായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | കുടിശ്ശിക നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ? | | |

R. Vijayan

സെക്ഷൻ ഓഫീസർ